ശേഖരിക്കുകയും രഹസ്യാന്വേഷണ പോലീസിന്റെയും ഷാഡോ പോലീസിന്റെയും സഹായത്തോടെ കുറ്റകാരെ കണ്ടുപിടിക്കുകയും കൂടാതെ നിരന്തരമായുള്ള ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിച്ചും നിരീക്ഷണം നടത്തിയും പോലീസ് ബീറ്റ് ഊടങ്ങിയവ കാര്യക്ഷമമാക്കിയും ഇക്കൂട്ടരെ തടയാൻ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇല്ല. 2014-ൽ ഇത്തരം കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശനമായ നിയമനടപടി സ്വീകരിക്കുന്നതാണ്.

(സി) ഇത്തരത്തിലുള്ള വിവരം ശ്രദ്ധയിൽപ്പെട്ടാൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

യാത്രാബോട്ടുകളുടെ ഫിറ്റ്നസ്

18(*18) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാബോട്ടുകളുടെ ഫിറ്റ്നസ് പരിശോധിക്കാറുണ്ടോ ;

(ബി) ബോട്ട ദുരന്തങ്ങളുണ്ടാകുന്പോൾ മാത്രം സുരക്ഷാകാര്യങ്ങൾ പ്രശ്നമാകുകയും പിന്നീടത് ഉണ്ടാവാതിരിക്കുകയും ചെയ്യുന്നത് സുരക്ഷാഭീഷണിക്ക് കാരണമാകുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(സി) പീരിയോഡിക്കൽ പരിശോധനകൾ കർശനമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) യാത്രാ ബോട്ടുകളുടെ ഫിറ്റ്നസ് പരിശോധിക്കാൻ കെ.ഐ.വി. നിയമപ്രകാരമുള്ള സർവ്വേ നടത്താറുണ്ട്.

(ബി) സുരക്ഷാ ക്രമീകരണങ്ങൾ ബോട്ടുകളിൽ എല്ലാ സമയവും നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്

(സി) പീരിയോഡിക് പരിശോധന കർശനമായി നടപ്പാക്കുന്നുണ്ട്. സർവ്വീസ് ബോട്ട് സുരക്ഷ ഉറപ്പാക്കാൻ വർഷംതോറും സർവ്വേ സർട്ടിഫിക്കറ്റ് നൽകാറുണ്ട്. ഇവ പരിപാലിക്കുന്നുണ്ടോ എന്നറിയാൻ വേണ്ടി എല്ലാ സ്ഥലങ്ങളിലും സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നു. ഇതിനായി 6 പോർട്ട് ഓഫ് രജിസ്ട്രറിയിൽ (ആലപ്പുഴ, മുനമ്പം, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ) സർവ്വേ ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly